DESPATCHED
On..11/4/22.



5/4/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1883(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 16193/SIC-G4/2021)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 5**

ശ്രീ. ആർ. രാമചന്ദ്രൻ,
നിധി, ബി-1 ശ്രീരംഗം ലെയിൻ,
ശാസ്തമംഗലം,
തിരുവനന്തപുരം - 695 010.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ (എൽ.ആർ.എം),
താലൂക്ക് ഓഫീസ്, കോട്ടയ്ക്കകം,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി & തഹസിൽദാർ (ഭുരേഖ),
താലൂക്ക് ഓഫീസ്,
കോട്ടയ്ക്കകം, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 17/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 07/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 02/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 05/04/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ-<br>എതിർകക്ഷികൾ | ഹാജരായി - ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ആർ. രാമചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി അപൂർണ്ണവും അവ്യക്തവുമായതിനാൽ ഒന്നാം അപ്പീൽ നൽകി എന്നും ആയതിന് വ്യക്തമായ മറുപടി ഒന്നാം അപ്പീൽ അധികാരിയിൽ നിന്നും

ലഭിച്ചില്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിൽ ആക്കമിട്ട് ആവശ്യപ്പെട്ടിരിക്കുന്ന 4 ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്നും മന:പൂർവ്വം തെറ്റായ വിവരങ്ങൾ നൽകിയതിനും ആവശ്യപ്പെട്ട വിവരങ്ങൾ നൽകാത്തതിനും ടിയാനുണ്ടായ സമയനഷ്ടത്തിനും അർഹമായ ശിക്ഷ നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 17.09.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) വ്യക്തമായ ചുറ്റുമതിലും നാലതിരുമുള്ള ഇരുപതു സെന്റിന് താഴെ മാത്രം വിസ്തീർണ്ണമുള്ള പട്ടയമുള്ള വസ്തുവും അതിനോട് ചേർന്ന് പട്ടയമില്ലാത്ത ഏഴു സെന്റ് വസ്തുവും 50 വർഷമായി ടിയാൻ കൈവശം വച്ച് അനുഭവിച്ചു വരുന്ന ടി പട്ടയ വസ്തുവിന് നാളിതുവരെയുള്ള കരം ഒടുക്കിയിട്ടുണ്ടെന്നും വസ്തുവിനോട് ചേർന്ന് സർക്കാർ ഭൂമി ഒന്നുമില്ലെന്നും കൈവശത്തിലും അനുഭവത്തിലുമുള്ള പട്ടയമില്ലാത്ത ഏഴു സെന്റ് വസ്തു കൂടി ടിയാന്റെ പട്ടയത്തിൽ ചേർത്തു ലഭിക്കാൻ നിയമ തടസ്സമുണ്ടോ എന്നും ഉണ്ടെങ്കിൽ എന്താണെന്നും
2) മേൽ പറഞ്ഞ 7 സെന്റ് വസ്തു ടിയാന്റെ തണ്ടപ്പേരിൽ ചേർത്ത് പട്ടയം ലഭിക്കാൻ എന്താവശ്യം ഉന്നയിച്ചാണ് അപേക്ഷിക്കേണ്ടതെന്നും പുതിയ പട്ടയം ലഭിക്കണമെന്നോ അതോ പുതിയ തണ്ടപ്പേർ നമ്പർ നൽകണമോ എന്നും
3) ആറു മാസം മുമ്പു നടത്തിയ സർവ്വെ അനുസരിച്ച് സർവ്വെ ഭൂരേഖ റിക്കാർഡിൽ അളവ് കൃത്യമാണെങ്കിൽ (വിസ്തീർണ്ണം ഒന്നാണെങ്കിൽ) ഇപ്പോൾ വീണ്ടും അളക്കേണ്ടതുണ്ടോ എന്നും
4) ആറു മാസം മുമ്പ് വസ്തു അളവു നടത്തിയ സർവ്വെയർ സ്ഥലം മാറി പോയി പുതിയ സർവ്വെയർ വന്നാൽ വസ്തു വീണ്ടും അളക്കേണ്ടതുണ്ടോ എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.10.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയിലെ ചോദ്യങ്ങൾ സ്പഷ്ടീകരണം ആവശ്യപ്പെടുന്ന തരത്തിലാണെന്നും പൊതു അധികാരിയുടെ കൈവശമുള്ളതോ നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ നൽകുന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലയെന്നും ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം 2(എഫ്) (ജെ) പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 07.11.2021 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചു.

മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 02.12.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ അപേക്ഷയിന്മേൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/എൽ.ആർ.എം. സെക്ഷൻ സൂപ്രണ്ടിൽ നിന്നും വിശദീകരണം തേടിയതിൽ ശ്രീ. രാമചന്ദ്രൻ സമർപ്പിച്ച അപേക്ഷ തപാൽ സെക്ഷനിൽ നിന്നും എൽ.ആർ.എം8-30689/21 നമ്പർ രേഖപ്പെടുത്തി 22.09.2021-നാണ് എൽ.ആർ.എം. സെക്ഷനിലേക്ക് കൈമാറിയിട്ടുള്ളതെന്നും ആയതിനാലാണ് 22.09.2021-ൽ ലഭിച്ച അപേക്ഷ എന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും എൽ.ആർ.എം8/30689/21-ന് പകരം എൽ.എ.എം8-30689/21 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ക്ലറിക്കൽ പിശകാണെന്നും തപാൽ സെക്ഷനിൽ നിന്നും എൽ.ആർ.എം സെക്ഷനിലേക്ക് കൈമാറിയ ശ്രീ.ആർ.രാമചന്ദ്രന്റെ അപേക്ഷയുടെ അവസാനമായി ടിയാൻ ഒപ്പ് രേഖപ്പെടുത്തിയതിന് ഇടത് വശത്തായി എൽ.ആർ.എം8/23226/20 എന്ന ഫയൽ നമ്പർ രേഖപ്പെടുത്തിയതിനാലാണ് നൽകിയ മറുപടിയിൽ ടി ഫയൽ നമ്പർ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അപേക്ഷകൻ ചോദ്യങ്ങൾക്ക് മറുപടിയായി ലഭിക്കുന്ന രീതിയിലാണ് വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നതെന്നും ആയവ വിവരാവകാശ നിയമം 2(എഫ്)(ജെ) പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും അപേക്ഷയിൽ ഒരിടത്തും ടിയാൻ അവകാശപ്പെടുന്ന സ്ഥലത്തിന്റെ റീസർവ്വെ/സർവ്വെ നമ്പറുകൾ പരാമർശിച്ചിട്ടില്ലെന്നും ഒന്നാം അപ്പീലിന്മേൽ തുടർനടപടി സ്വീകരിച്ച് അപേക്ഷകനെയും എസ്.പി.ഐ.ഒ.യെയും നേരിൽ കേൾക്കാൻ നോട്ടീസ് നൽകിയിരുന്നതുപ്രകാരം കക്ഷി ഹാജരായിട്ടുള്ളതും എസ്.പി.ഐ.ഒ. അപേക്ഷയിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതും ടി മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ടവയിൽ ടി കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങൾക്ക് മറുപടി നൽകണമെന്ന് എസ്.പി.ഐ.ഒ.ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ആർ.രാമചന്ദ്രൻ 20.9.2021-ൽ തിരുവനന്തപുരം താലൂക്കിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പട്ടയവസ്തുവിനോട് ചേർന്ന് കിടക്കുന്ന അധിക ഭൂമിയ്ക്ക് കൂടി കരം ഒടുക്കി കിട്ടുന്നത് സംബന്ധിച്ചും സർവ്വെ നടപടി സംബന്ധിച്ച വിവരങ്ങളുമാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ല എന്ന് കാണിച്ച് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നു എന്നും പ്രസ്തുത അപ്പീലിന്മേൽ തുടർനടപടി സ്വീകരിച്ച് കക്ഷിയെ 22.11.2021-ന് നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകിയിരുന്നതും എന്നാൽ അന്നേ ദിവസം ഒരു

അടിയന്തിര മീറ്റിംഗിൽ പങ്കെടുക്കേണ്ടി വന്നതിനാൽ ടി ഹിയറിംഗ് മാറ്റി വയ്ക്കുകയും 30.11.2021-ന് കക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു എന്നും ടിയാന് എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ എൽ.ആർ.എം8-ന് പകരം എൽ.എ.എം8 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ക്ലറിക്കൽ പിശകാണെന്നും തപാൽ സെക്ഷനിൽ നിന്നും എൽ.ആർ.എം സെക്ഷനിലേക്ക് കൈമാറിയ ശ്രീ.ആർ. രാമചന്ദ്രന്റെ അപേക്ഷയുടെ അവസാനമായി ടിയാൻ ഒപ്പ് രേഖപ്പെടുത്തിയതിന് ഇടത് വശത്തായി എൽ.ആർ.എം8/23226/20 എന്ന ഫയൽ നമ്പർ രേഖപ്പെടുത്തിയതിനാലാണ് നൽകിയ മറുപടിയിൽ ടി ഫയൽ നമ്പർ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് എസ്.പിഐ.ഒ. അറിയിച്ചിരുന്നു എന്നും വിവരാവകാശ നിയമപ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ടവയിൽ ടി കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങൾക്ക് മറുപടി നൽകാൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയ പ്രകാരം ആയതിന്റെ പകർപ്പ് കക്ഷിക്ക് അയച്ച് നൽകിയിട്ടുള്ളതും ടി നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ 6.12.2021-ന് എസ്.പി.ഐ.ഒ. ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല എന്നതാണ് ഹർജിക്കാരന്റെ പ്രധാന ആക്ഷേപം എന്നു കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക, വിവരം നൽകാൻ കഴിയാത്ത കേസുകളിലെടുക്കുന്ന തീരുമാനങ്ങൾ കാര്യകാരണ സഹിതം രേഖാമൂലം അപേക്ഷകനെ അറിയിക്കുക എന്നിവയാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതലകൾ. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എതിർകക്ഷി കാര്യാലയത്തിൽ ഫയലിലോ രജിസ്റ്ററിലോ ഉള്ള വിവരങ്ങൾ ആയിരുന്നില്ല എന്ന് കാണുന്നു. മാത്രമല്ല സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകണമെന്ന ആവശ്യം തുടങ്ങിയ കാര്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. മാത്രമല്ല അപ്പീൽ തീർപ്പിലെ നിർദ്ദേശത്തെ തുടർന്ന് 6.12.2021-ന് ലഭ്യമായ മറുപടി ഒന്നാം എതിർകക്ഷി നൽകിയിട്ടുമുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. ടിയാന്റെ വസ്തുവിനോട് ചേർന്ന് കിടക്കുന്ന 7 സെന്റ് വസ്തു ടിയാന്റെ തണ്ടപ്പേരിൽ ചേർത്ത് പട്ടയം ലഭ്യമാക്കണമെന്ന കാര്യം വിവരാവകാശ നിയമത്തിന്റെ

പരിധിയിൽ വരുന്നതല്ല എന്നതിനാൽ ഇക്കാര്യത്തിൽ ഹർജിക്കാരന് ബന്ധപ്പെട്ട മേലധികാരിക്ക് അപേക്ഷ നൽകി പരിഹാരം തേടാവുന്നതാണ്.

6. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. എന്നാൽ ഇക്കാര്യത്തിൽ നേരിൽ കേൾക്കാൻ തീയതി നിശ്ചയിച്ച് നോട്ടീസ് നൽകിയതുപ്രകാരം ഹർജിക്കാരൻ ഹിയറിംഗിന് ഹാജരായിട്ടും ആയത് മാറ്റി വച്ചതിനുള്ള കാരണം വ്യക്തമാക്കി അറിയിപ്പ് നൽകാതെ അന്നേ ദിവസം ഹിയറിംഗ് നടത്താതെ ടിയാന് പ്രയാസങ്ങൾ ഉണ്ടാക്കിയത് സംബന്ധിച്ചും, തീയതി വയ്ക്കാതെ ഹിയറിംഗ് നോട്ടീസ് നൽകിയതിലും 7.1.2022-ന് കമ്മീഷനിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരൻ പേര് ശ്രീ. രാമചന്ദ്രൻ നായർ എന്ന് തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ചുമുള്ള രണ്ടാം എതിർകക്ഷിയുടെ വിശദീകരണം 20.4.2022-നകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 5-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us